**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 175** **29-07-2021 - ൽ മറുപടിയ്ക്ക്**

**സംരംഭകരുടെ പരാതി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി.വി. ശ്രീനിജിൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള വ്യവസായാനുകൂല അന്തരീക്ഷത്തെ ഹനിക്കുക എന്ന ലക്ഷ്യത്തോടെ ചില കോണുകളിൽ നിന്നുണ്ടാകുന്ന പ്രചരണങ്ങളുടെ നിജസ്ഥിതി വ്യവസായസമൂഹത്തെയും പൊതുജനങ്ങളെയും ബോധ്യപ്പെടുത്താനാവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന് വസ്തുതയുമായി യാതൊരു ബന്ധവുമില്ല. സംസ്ഥാനത്ത് നിലനിൽക്കുന്ന നിക്ഷേപസൗഹൃദാന്തരീക്ഷവും സംരംഭകർക്കുള്ള നിക്ഷേപ അനുകൂല സാഹചര്യങ്ങളും വ്യക്തമാക്കിക്കൊണ്ടുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ജില്ലകൾ തോറും സംരംഭകരുടെ പ്രശ്നങ്ങൾ കേൾക്കുവാനും സംവദിക്കുന്നതിനുമായി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് 'മീറ്റ് ദി മിനിസ്റ്റർ' എന്ന പരിപാടി സംഘടിപ്പിച്ചുവരുന്നു. |
| (ബി) | വ്യവസായ വകുപ്പുമന്ത്രി വ്യവസായ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തി അവരുടെ ആശങ്ക ദൂരീകരിക്കാൻ നടപടിയെടുത്തിരുന്നോ; | (ബി) | സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA , FICCI , CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് ഇതിനകം 7 തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാം തന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ ഇവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (Statutory Grievance Redressal Committee)രൂപീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പരിപാടിയിൽ വിവിധ വ്യവസായ പ്രമുഖരുമായി സംവദിക്കുകയും അവരുടെ നിർദേശങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.പരാതി |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനകം എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ താഴെപറയുന്നു. എറണാകുളം ജില്ല: സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 15/07/2021 ന് കുസാറ്റ് മിനി കോൺഫറൻസ് ഹാളിൽ വച്ച് സംരംഭം തുടങ്ങിയവരേയും തുടങ്ങാൻ ആഗ്രഹിക്കുന്നവരേയും സംഘടിപ്പിച്ചു കൊണ്ട് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് പങ്കെടുത്ത പരിപാടിയിൽ 169 അപേക്ഷകൾ/പരാതികൾ ലഭിക്കുകയുണ്ടായി. ആയതിൽ 22 എണ്ണം നടപടിക്രമം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയിൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് 29/07/2021-ാം തീയതിയിലും 02/08/2021-ാം തീയതിയിലും പ്രിൻസിപ്പൽ സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ യോഗം കൂടി മേൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുള്ളതുമാണ് തിരുവനന്തപുരം ജില്ല: തിരുവനന്തപുരം ജില്ലയിൽ 16.07.2021 നാണ് 'മീറ്റ് ദ മിനിസ്റ്റർ' പ്രോഗ്രാം നടത്തിയത്. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ആകെ 103 അപേക്ഷകൾ ലഭിച്ചിരുന്നു. വ്യവസായ മന്ത്രിയുടെ മുമ്പാകെ 62 കേസുകൾ അവതരിപ്പിക്കുകയും 46കേസുകളിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. കോട്ടയം ജില്ല : കോട്ടയം ജില്ലയിൽ 19/07/2021 നാണ് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചത്.പ്രസ്തുത പരിപാടിയിൽ 94 അപേക്ഷകൾ ഇമെയിൽ ആയും നേരിട്ടും ജില്ലാവ്യവസായ കേന്ദ്രത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ 44 പരാതികൾക്ക് യോഗത്തിൽ പൂർണ പരിഹാരം ഉണ്ടായി. കൂടാതെ മീറ്റിംഗിൽ തത്സമയം 35 പരാതികൾ ലഭിച്ചു. പൂർണ്ണ പരിഹാരം ലഭിച്ച പരാതികൾ ഒഴികെ ബാക്കി പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും നിർദേശം നൽകിയിട്ടുണ്ട്. 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി പരിപൂർണ്ണ വിജയമാണെന്ന് വിലയിരുത്തിയിട്ടുള്ളതിനാൽ മറ്റ് ജില്ലകളിലും തുടരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സംരംഭകരുടെ പരാതികൾ പരിഹരിക്കാനായി സംരംഭം തുടങ്ങിയവരെയും തുടങ്ങാൻ ആഗ്രഹിക്കുന്നവരെയും നേരിട്ടു കാണാൻ മീറ്റ് ദ | (സി) | സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA , FICCI , CII തുടങ്ങിയവയുടെ |

മിനിസ്റ്റർ പരിപാടി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രതിനിധികളുമായി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് ഇതിനകം 7 തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാം തന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ ഇവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (Statutory Grievance Redressal Committee)രൂപീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പരിപാടിയിൽ വിവിധ വ്യവസായ പ്രമുഖരുമായി സംവദിക്കുകയും അവരുടെ നിർദേശങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനകം എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ താഴെപറയുന്നു.
എറണാകുളം ജില്ല: സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 15/07/2021 ന് കുസാറ്റ് മിനി കോൺഫറൻസ് ഹാളിൽ വച്ച് സംരംഭം തുടങ്ങിയവരേയും തുടങ്ങാൻ ആഗ്രഹിക്കുന്നവരേയും സംഘടിപ്പിച്ചു കൊണ്ട് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് പങ്കെടുത്ത പരിപാടിയിൽ 169 അപേക്ഷകൾ/പരാതികൾ ലഭിക്കുകയുണ്ടായി. ആയതിൽ 22 എണ്ണം നടപടിക്രമം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയിൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് 29/07/2021-ാം തീയതിയിലും 02/08/2021-ാം തീയതിയിലും പ്രിൻസിപ്പൽ സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ യോഗം കൂടി മേൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുള്ളതുമാണ് തിരുവനന്തപുരം ജില്ല: തിരുവനന്തപുരം ജില്ലയിൽ 16.07.2021 നാണ് 'മീറ്റ് ദ മിനിസ്റ്റർ' പ്രോഗ്രാം നടത്തിയത്. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ആകെ 103 അപേക്ഷകൾ ലഭിച്ചിരുന്നു. വ്യവസായ മന്ത്രിയുടെ മുമ്പാകെ 62 കേസുകൾ അവതരിപ്പിക്കുകയും 46കേസുകളിൽ

| | | | |
|---|---|---|---|
| | | | തീരുമാനം കൈക്കൊള്ളുകയും ചെയ്തു. കോട്ടയം ജില്ല : കോട്ടയം ജില്ലയിൽ 19/07/2021 നാണ് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചത്.പ്രസ്തുത പരിപാടിയിൽ 94 അപേക്ഷകൾ ഇമെയിൽ ആയും നേരിട്ടും ജില്ലാവ്യവസായ കേന്ദ്രത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ 44 പരാതികൾക്ക് യോഗത്തിൽ പൂർണ പരിഹാരം ഉണ്ടായി. കൂടാതെ മീറ്റിംഗിൽ തത്സമയം 35 പരാതികൾ ലഭിച്ചു. പൂർണ്ണ പരിഹാരം ലഭിച്ച പരാതികൾ ഒഴികെ ബാക്കി പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും നിർദേശം നൽകിയിട്ടുണ്ട്. 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി പരിപൂർണ്ണ വിജയമാണെന്ന് വിലയിരുത്തിയിട്ടുള്ളതിനാൽ മറ്റ് ജില്ലകളിലും തുടരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ